19
ചൊവ്വ
പേജ് - 6
ഡിസംബർ
Vol. 2 Issue 318

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission


CNL7 MEDIA

689

## ക്രിസ്തുമസ്: പാക് ദേവാലയങ്ങളിൽ

# കനത്ത സുരക്ഷ

**പാക്കിസ്ഥാനിൽ ക്രൈസ്തവർക്ക് ഏറെ പ്രാധാന്യമുള്ള വിശേഷ അവസരങ്ങളിൽ ഇസ്ലാമിക തീവ്രവാദികൾ ആക്രമണം നടത്തുന്നത് പതിവ് സംഭവമാണ്. ഈ പശ്ചാത്തലത്തിൽ കൂടിയാണ് കനത്ത സുരക്ഷാവിന്യാസമെന്ന് നിരീക്ഷിക്കപ്പെടുന്നു.**




4

എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 19 ചൊവ്വ

## കുരുന്നുകളുടെയും ജീവനെടുക്കുകയാണോ ഈ മൊബൈൽ ഫോൺ?

**ഒ**ന്നാം ക്ലാസ്സ് വിദ്യാർത്ഥി കുളിമുറിയിൽ തൂങ്ങി മരിച്ച നിലയിൽ.....! കഴിഞ്ഞ ദിവസത്തെ പത്ര വാർത്തയാണിത്. വെറും ഏഴു വയസ്സുള്ള കുഞ്ഞിന്റെ ഈ പ്രവർത്തിക്ക് പിൻപിലുള്ള കാരണം മൊബൈൽ ഫോണാണ്. വാർത്താവിനിമയ മാർഗങ്ങൾക്ക് ഒരു കാലത്ത് വളരെ സമയം വേണ്ടിവന്നിരുന്നു. എന്നാൽ ഇന്ന് സെക്കണ്ടുകൾക്കുള്ളിൽ എല്ലാ വാർത്തകളും നമ്മുടെ വിരൽതുമ്പിലെത്തുന്നു. പക്ഷേ മനുഷ്യന്റെ സുഗമമായ ജീവിതത്തിനു വേണ്ടി ഉണ്ടാക്കിയ സംവിധാനങ്ങളിൽ ഒന്നായ മൊബൈൽ ഫോണുകൾ ഇന്ന് പലരുടെയും ദുർവിധിക്കും കാരണമാകുന്നു.

വർദ്ധക്യത്തിൽ ഉള്ളവർ മുതൽ അമ്മിഞ്ഞപ്പാൽ കുടിക്കുന്ന ശിശുക്കൾ വരെ ഇന്ന് മൊബൈൽ ഫോണിന്റെ കൈപ്പിടിയിലാണ്. എല്ലാത്തരത്തിലുമുള്ള അറിവുകൾ ലഭ്യമാക്കുന്ന ഈ ഉപകരണം ഇന്ന് അനേകരുടെ ജീവനും എടുക്കുന്നു. പൊന്നുപോലെ വളർത്തുന്ന കുഞ്ഞുങ്ങളുടെ നിർബന്ധങ്ങൾ മൂലം മാതാപിതാക്കൾ ഫോണുകൾ അവർക്ക് കൊടുക്കുവാൻ തയ്യാറാകുന്നു. അല്പനേരത്തേക്ക് അത് മാറ്റിവെക്കാൻ പറഞ്ഞാൽ പെട്ടെന്ന് പൊട്ടിത്തെറിക്കുകയും ആത്മഹത്യ ചെയ്യുകയും ഒക്കെ ചെയ്യുന്ന മക്കളുടെ എണ്ണം വർദ്ധിക്കുകയാണ്.

പണ്ടുകാലത്തെ പോലെ മാതാപിതാക്കളെ അനുസരിച്ചു നടുക്കുന്ന കുഞ്ഞുങ്ങൾ വളരെ കുറവാണ്. അവർക്കിഷ്ടമുള്ള വസ്ത്രമേ അവർ ധരിക്കൂ! അവർക്ക് ഇഷ്ടമുള്ളതെ കഴിക്കൂ! ഇങ്ങനെ വാശി പിടിക്കുന്ന മക്കൾ വീടിന്റെ മാത്രമല്ല സമൂഹത്തിന്റെയും ശാപമാണ്. അവർക്ക് സ്വന്തം ഇഷ്ടം മാത്രം മതി. കൂടെയുള്ളവർക്കും അവർ ഒരു വേദനയായി മാറുന്നു.

ആൾക്കൂട്ടങ്ങൾ ഇന്ന് നിശബ്ദം ആയിരിക്കുന്നു!തമാശകൾ ഇല്ല! പൊട്ടിച്ചിരികൾ ഇല്ല! തമ്മിൽ തമ്മിലുള്ള സ്നേഹ പ്രകടനങ്ങൾ ഇല്ല! എല്ലാവരും അവരവരുടെ ലോകത്തിലൂടെ സഞ്ചരിക്കയാണ്. ആർക്കും ആരെയുംശ്രദ്ധിക്കാൻ നേരമില്ല. തമ്മിൽ കൊല്ലാനും പകപോക്കാനുമുള്ള പുതിയ മാർഗങ്ങൾ ഇതിലൂടെ കണ്ടെത്തുന്നു. കുടുംബ ബന്ധങ്ങൾ പോലും തകർക്കുന്ന വില്ലനായി ഫോണുകൾ മാറിക്കഴിഞ്ഞു.

വേദപുസ്തക സത്യങ്ങൾ നിവർത്തിയായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യർ സ്വസ്നേഹികളായി മാറുമെന്നുള്ള പ്രവചനവും എത്ര സത്യമായിതീരുന്നു? മറ്റരുടെയും കാര്യങ്ങളിൽ ശ്രദ്ധിക്കില്ല എന്നത് നല്ലതാണെന്ന് തോന്നുന്ന പുതുതലമുറ സ്വന്തം കുടുംബത്തെ പോലും ശ്രദ്ധിക്കുന്നില്ല എന്ന സത്യം എത്ര വേദനയുള വാക്കുന്നതാണ്.

കർത്താവിന്റെ വരവിനെ വിളിച്ചറിയിക്കുന്ന ഇത്തരം സംഭവങ്ങൾ നമ്മുടെ കണ്ണ് തുറപ്പിക്കട്ടെ. ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണമെന്ന വചനം പോലെ നാം വിശുദ്ധജീവിതത്തിനായി വില കൊടുക്കേണ്ടിയിരിക്കുന്നു. ദൈവ വചനത്തിന് വില കൽപ്പിക്കാത്ത പുതു തലമുറ സ്വന്തം ഇഷ്ടങ്ങൾ മാത്രം ശരിയെന്ന് തോന്നി മുൻപോട്ടു പോകുമ്പോൾ, പ്രാർത്ഥനയിൽ വിശ്വാസമുള്ള മാതാ പിതാക്കൾ അവർക്കു വേണ്ടി ദൈവസന്നിധിയിൽ ഇടുവിൽ നിൽക്കട്ടെ. ആരെയും അനുസരിക്കാത്ത തലമുറകൾ ദൈവത്തിന്റെ മുൻപിൽ സമർപ്പിക്കപ്പെടുവാൻ പ്രാർത്ഥന പോലെ വിജയിക്കുന്ന മറ്റൊരു ആയുധമില്ല. അതുകൊണ്ട് നിസ്സാര കാര്യങ്ങൾക്കായി ആത്മഹത്യയുടെ പ്രവണതകളുള്ള തലമുറകൾ ദൈവത്തിന്റെ മുൻപിൽ മടങ്ങിവരികയും അടുത്ത കാലഘട്ടത്തിൽ അവർ അനേകരെ ക്രിസ്തുവിലേക്ക് തിരിപ്പിക്കുന്ന മൂർച്ചയുള്ള ആയുധങ്ങളായി മാറുകയും ചെയ്യേണ്ടതിനായി നമുക്ക് അവരെ സമർപ്പിക്കാം.



സിസ്റ്റർ ഷീലാ ദാസ്

# ഐപിസി മുംബൈ വെസ്റ്റ് ഡിസ്ട്രിക്റ്റ് കൺവൻഷൻ

മുംബൈ : ഐപിസി മുംബൈ വെസ്റ്റ് ഡിസ്ട്രിക്റ്റ് 29 മത് കൺവൻഷൻ ജനുവരി 5 മുതൽ 7 വരെ ഭയെന്ദേർ റെയിൽവേ സ്റ്റേഷൻ സമീപം ശ്രീ സീതാറാം ദേവാജി ചൗദരി സഭാ ഗൃഹയിൽ നടക്കും. ഡിസ്ട്രിക്ട് പ്രസിഡന്റും സ്റ്റേറ്റ് സെക്രട്ടറിയും ആയ പാസ്റ്റർ കെ. എ മാത്യു ഉദ് ഘാടനം ചെയ്യും. പാസ്റ്റർ വി. പി ഫിലിപ് പ്രസംഗിക്കും. സജി സാമുവേൽ & ടീം ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ജനുവരി 5 വെള്ളിയാഴ്ച ജനുവരി 6 ശനിയാഴ്ച എന്നീ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 9.30 വരെ സുവിശേഷ സമ്മേളനവും 6 ശനി രാവിലെ 10.30 മുതൽ 1 വരെ ബൈബിൾ ക്ലാസ് 3 മണി മുതൽ 4 വരെ മധ്യസ്ഥ പ്രാർത്ഥനയും നടക്കും. ജനുവരി 7 ഞായർ രാവിലെ 9.30 മുതൽ സംയുക്ത ആരാധനയും നടക്കും.

പാസ്റ്റർ കെ എ മാത്യു (പ്രസിഡന്റ്) പാസ്റ്റർ വില്യം ജോർജ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ പ്രഭിൻ ടി വറുഗീസ് (സെക്രട്ടറി) യോഹന്നാൻ സാമുവേൽ (ജോ.സെക്രട്ടറി) ജോസ് ദാനിയേൽ (ട്രഷറർ) എന്നിവർ നേതൃത്വം നൽകും.

## ദഹിപ്പിക്കുന്ന അഗ്നി

**ദൈ**വത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരു വായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതാണ് (എബ്രാ. 4:12). വചനം നിത്യജീവൻ നൽകുന്നതാണ്; മുറിവേല്പിക്കുന്നതാണ്; സൗഖ്യം നൽകുന്നതാണ്; ശോധന കഴിക്കുന്നതാണ്; ഹൃദയത്തെ ശുദ്ധികരിക്കുന്നതും പാപത്തിൽ നിന്നകറ്റി നിർത്തുന്നതുമാണ്. വചനം നമുക്ക് പ്രകാശം തരുന്നു; നമ്മെ വചനത്താൽ കഴുകുന്നു. നാം വചനത്താൽ സൂക്ഷിക്കപ്പെടുന്നു. വചനം കേൾക്കുമ്പോൾ മാനസാന്തരം ഉണ്ടാകുന്നു. നാം വചനം ധ്യാനിക്കുന്നു; പരിശോധിക്കുന്നു; ഹൃദയത്തിനു സന്തോഷവും ആനന്ദവും പകരുന്നു; നമ്മിൽ പാപബോധം വരുത്തുന്നു; അത് കേൾക്കുമ്പോൾ ജീവിതത്തിനു പരിവർത്തനം വരുന്നു. ദൈവവചനം വളർച്ച നൽകുന്നു. ദൈവ വചനം കണ്ണാടിയാണ് (യാക്കോ.1:23). ദഹിപ്പിക്കുന്ന അഗ്നിയാണ്. എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലയോ? (യിര.23:29)



ബിൻസി വർഗീസ്
അസംബ്ളീസ് ഓഫ്ഗോഡ്, ഫുജൈറ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ എഴുത്തു മത്സരം

വിഷയം:
എന്തുകൊണ്ട് ബൈബിൾ എന്നെ ആകർഷിക്കുന്നു?

AL QTR TOURISM
Quality Tourism Resources

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

# മണിപ്പൂരിൽ തകർക്കപ്പെട്ട ആരാധനാലയങ്ങൾ; നടപടി അറിയിക്കാൻ സുപ്രീം കോടതി നിർദേശം



ന്യൂഡൽഹി: മണിപ്പ്പൂരിൽ കലാപത്തിനിടെ തകർക്കപ്പെട്ട ആരാധനാലയങ്ങൾക്കു സംരക്ഷണം ഒരുക്കാനും പുനരുദ്ധരിക്കാനും സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാൻ സുപ്രീം കോടതി സംസ്ഥാന സർക്കാരിനോടു നിർദേശിച്ചു. കോടതി നിയോഗിച്ച സമിതിയെ ഇക്കാര്യം അറിയിക്കാനാണ് ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ആവശ്യപ്പെട്ടിരിക്കുന്നത്. സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ ഉത്തരവു പുറപ്പെടുവിക്കുമെന്നും കോടതി വ്യക്തമാക്കി. ഇതിനിടെ, കോടതി നിയോഗിച്ച സമിതിയുടെ കാലാവധി 6 മാസം കൂടി നീട്ടി.മണിപ്പ്പുർ കലാപത്തിനിടെ സംസ്ഥാനത്തെ ആരാധനാലയങ്ങൾ അടിച്ചുതകർത്തുവെന്നു വ്യക്തമാക്കി മണിപ്പ്പുർ സർക്കാർ സുപ്രീം കോടതിയിൽ ഹർജി നൽകിയിരുന്നു. ഇത്തരം ആരാധനാലയങ്ങൾ കണ്ടെത്തി സംരക്ഷിക്കാൻ ആഭ്യന്തര വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ അറിയിച്ചു.മെയ്തെയ് വിഭാഗത്തിന്റെ മാത്രം 247 ആരാധനാലയങ്ങൾ അടിച്ചുതകർപ്പെട്ടിട്ടുണ്ടെന്ന് അഭിഭാഷകനായ ഹുസെഫ അഹമ്മദി അറിയിച്ചു. തുടർന്നാണ് എല്ലാ മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളുടെ വിവരം രണ്ടാഴ്ചയ്ക്കകം തിട്ടപ്പെടുത്താനും സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനും കോടതി ആവശ്യപ്പെട്ടത്. കലാപവുമായി ബന്ധപ്പെട്ട കേസന്വേഷണം അടുത്ത 10 ദിവസം നിരീക്ഷിക്കുമെന്നും സുപ്രീം കോടതി വ്യക്തമാക്കി.ക്രിസ്മസ് ഉൾപ്പെടെ വരാനിരിക്കെ ദുരിതാശ്വാസ ക്യാംപിലുള്ളവരുടെ കാര്യവും കോടതി ഓർമിപ്പിച്ചു. ക്യാംപിലുള്ളവർക്ക് എല്ലാ ഉത്സവങ്ങളിലും പങ്കെടുക്കാനുള്ള സാഹചര്യം ഒരുക്കുമെന്നു കേന്ദ്ര സർക്കാർ പ്രതികരിച്ചു.

# ഡബ്ല്യൂഎംസി സംസ്ഥാനതല വാർഷിക സമ്മേളനം

പുനലൂർ :അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സഹോദരിമാരുടെ പുത്രിക സംഘടനയായ ഡബ്ല്യൂഎംസി ഈ വർഷത്തെ സഹോദരിമാർക്കായുള്ള സംസ്ഥാനതല സമ്മേളനം ഡിസംബർ 26,27 (ചൊവ്വ, ബുധൻ) തീയതികളിൽ പുനലൂർ ബഥേൽ ബൈബിൾ കോളേജിൽ നടത്തുവാൻ ഡിസ്ട്രിസ്ട് ഡബ്ല്യൂഎംസി കമ്മറ്റിയും സെക്ഷൻ ഡബ്ല്യൂഎംസി പ്രസിഡന്റുമാരും ഡിസ്ട്രിക്ട് സൂപ്രണ്ട് റവ.ടിജെ സാമുവേലിന്റെ നേതൃത്വത്തിൽ കൂടി തീരുമാനിച്ചിരിക്കുന്നു. 'നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക' എന്നതാണ് സമ്മേളനത്തിന്റെ ചിന്താവിഷയം. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സഭാ സൂപ്രണ്ട് റവ. ടി ജെ സാമുവേൽ പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ സിസ്.റീജ ബിജുകൊട്ടാരക്കര മുഖ്യ പ്രഭാഷകയാകും കൂടാതെ മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി റവ.തോമസ് ഫിലിപ്പ് ഡബ്ല്യൂഎംസി എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും സമ്മേളനത്തിൽ വിവിധ സെക്ഷനുകളിൽ പ്രഭാഷകരായിരിക്കും. ഡബ്ല്യൂഎംസി ക്വയറും ടീമിനോടൊപ്പം പാസ്റ്റർ.ബിനോയ് എബ്രഹാം പന്തളം സമ്മേളനത്തിൽ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## ഗോൾഡൻ ജൂബിലി കൺവൻഷനും സമ്മേളനവും

തിരുവനന്തപുരം: കർമ്മേൽ അസംബ്ലീസ് ഒഫ് ഗോഡ് ചർച്ച് കന്യാകുളങ്ങര സുവർണ്ണ ജൂബിലി നിറവിൽ. 1973 ൽ സ്ഥാപിതമായ സഭയുടെ ഗോൾഡൻ ജൂബിലി കൺവൻഷനും സമ്മേളനവും ഡിസംബർ 21 മുതൽ 24 വരെ ഏ.ജി. കർമ്മേൽ ഗ്രൗണ്ടിൽ നടക്കും.പാസ്റ്റർ സജു ചാത്തന്നൂർ ഡോ. കെ ജെ മാത്യു റവ.ടി.ജെ. സാമുവൽ എന്നിവർ പ്രഭാഷണം നടത്തും. പാസ്റ്റർ ബാബു ദാനിയേൽ & ടീം ഗാന ശുശ്രൂഷ നയിക്കും. ഡിസംബർ 24 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ നടക്കുന്ന ഗോൾഡൻ ജൂബിലി സമ്മേളനത്തിൽ റവ. ടി. ജെ. സാമുവൽ പ്രഭാഷണം നടത്തും. രാഷ്ട്രീയ സാമൂഹ്യ മേഖലയിൽ ഉള്ളവർ ആശംസകൾ അറിയിക്കും. സുവനീർ പ്രകാശനം, മുൻ കാലങ്ങളിൽ ശുശ്രൂഷിച്ച ദൈവദാസന്മാരെ ആദരിക്കൽ തുടങ്ങിയ പരിപാടികൾ ഗോൾഡൻ ജൂബിലി സമ്മേളനത്തോടനുബന്ധിച്ച് നടക്കും. പാസ്റ്റർ ഡി. കുഞ്ഞുമോൻ നേതൃത്വം നൽകും.

## ഇടയ്ക്കാട് യു.സി.എഫ് നാലാമത് വാർഷിക കൺവൻഷൻ

ഇടക്കാട്: ഇടയ്ക്കാട് യു.സി.എഫ് നാലാമത് വാർഷിക കൺവൻഷൻ ഡിസംബർ 23, 24 തീയതികളിൽ ഇടക്കാട് വടക്കു മുകളിൽ കട പടിഞ്ഞാറ് (ഗ്രീൻലാൻഡ് കോർട്യാർഡ് ജോജി ഭവൻ) പ്രത്യേകം ക്രമീകരിക്കുന്ന പന്തലിൽ വൈകിട്ട് ആറു മുതൽ ഒൻപത് വരെ നടക്കും.

പാസ്റ്റർ ഫെയ്ത് ബ്ലെസ്സൺ പള്ളിപ്പാട്, പാസ്റ്റർ അനിൽ കൊടിത്തോട്ടം എന്നിവർ ദൈവവചന പ്രഘോഷണം നടത്തുകയും പാസ്റ്റർ കാലേബ് ജി ജോർജിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം സംഗീത ശുശ്രൂഷക്കു നേതൃത്വം നൽകുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് സാംസൺ തോമസ് 7025820706 സ്റ്റാൻലി അലക്സ് 9020425262.

# പെന്തക്കൊസ്ത്തൽ മാറാനാഥാ

## ഗോസ്പൽ ചർച്ച് 18–ാമത് ജനറൽ കൺവൻഷൻ

തിരുവനന്തപുരം: പി.എം.ജി ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 26മുതൽ 29 വരെ പി.എം.ജി ചർച്ചിന്റെ ആസ്ഥാന മന്ദിരമായ തിരുവനന്തപുരം പാളയം കർമ്മേൽ ആഡിറ്റോറിയത്തിൽ നടക്കും. 26–ാം തീയതി വൈകുന്നേരം പി.എം.ജി.സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ എം.എ വർഗ്ഗീസ് ഉത്ഘാടനം ചെയ്ത് ആരംഭിക്കുന്ന കൺവൻഷനിൽ ഗാനശുശ്രൂഷ, സെമിനാർ, ബൈബിൾ ക്ലാസ്സ്, വിമൻസ് മീറ്റിംങ്, യുവജനയോഗം, കാത്തിരിപ്പ് യോഗം, പൊതുയോഗം ഇങ്ങനെ വിവിധ നിലയിൽ നടത്തുന്നു. സംയുക്ത ആരാധനയോടെ 29–ാം തീയതി ഉച്ചയ്ക്ക് കൺവൻഷൻ സമാപിക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ. എസ്.കെ. പ്രസാദ് പബ്ലിസിറ്റി കൺവീനർ 9526605688.

## ക്രിസ്ത്യൻലൈവ് ദിനപത്രം

### കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### ടാൻസാനിയ

തലസ്ഥാനം:
ഡോഡൊമ
ജനസംഖ്യ:
67,438,106
പ്രസിഡണ്ട്:
സാമിയ ഹസ്സൻ സുൽഹു
മതം :
ക്രിസ്തുമതം




**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- ടാൻസാനിയയിലും സാൻസിബാറിലുമുള്ള ക്രിസ്തീയ പ്രവർത്തന മേഖലകൾക്കായി പ്രാർത്ഥിക്കാം.കൂടുതൽ ആളുകൾ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടട്ടെ! രൂപാന്തരപ്പെടട്ടെ!
- സമൂഹത്തിൽ ജന വിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദമുണ്ടാകണം. മതസ്വാതന്ത്ര്യം വേണം. ഭരണാധികാരികൾ ജ്ഞാനപൂർവം പ്രവർത്തിക്കണം. പ്രാർത്ഥിക്കാം
- ടാൻസാനിയയിലെ മിഷണറി സാജു ജോണിനായും മിനിസ്ട്രി ക്കായും പ്രാർത്ഥിക്കാം .. അദ്ദേഹത്തിന്റെ പൂർണ്ണ ആരോഗ്യത്തിനായി പ്രാർത്ഥിക്കാം

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**

Contact us: +91 98465 52220,
+91 99619 33322


**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

## നിത്യതയിൽ



വാൻകൂവർ: പുതുപ്പള്ളി എറികാട് വടശ്ശേരി പാറയ്ക്കൽ ലില്ലി ജേക്കബ് (89) കാനഡയിലെ വാൻകൂവറിൽ നിര്യാതയായി. ഭർത്താവ് : റാന്നി തേക്കാട്ടിൽ പരേതനായ ഡോ. ജോർജ് ജേക്കബ്.മക്കൾ : ഡോ.ബഞ്ചമിൻ ജേക്കബ് (യു എസ് എ) ഡോ. സ്റ്റീഫൻ ജേക്കബ് (ക്യാനഡ).
സംസ്കാരം ഡിസംബർ 20 ബുധനാഴ്ച്ച വാൻകൂവറിൽ വച്ച് നടത്തും.

# ക്രിസ്തുമസിന് പാക്ക് ക്രൈസ്തവ ദേവാലയങ്ങൾക്ക് കനത്ത സുരക്ഷ ഏർപ്പെടുത്തി

റാവൽപിണ്ടി: ക്രിസ്തുമസിന് ഒരാഴ്ച മാത്രം അവശേഷിക്കേ പാക്കിസ്ഥാനിലെ ക്രൈസ്തവ ദേവാലയങ്ങൾക്ക് സമീപം കനത്ത സുരക്ഷയേർപ്പെടുത്തി. പഞ്ചാബ് പോലീസ് ഇൻസ്പെക്ടർ ജനറൽ ഉസ്മാൻ അൻവറിന്റെ നിർദ്ദേശപ്രകാരം റാവൽപിണ്ടിയിൽ മാത്രം സുരക്ഷയ്ക്കായി 432 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. സമഗ്രമായ സുരക്ഷാ പദ്ധതി തയ്യാറാക്കാൻ പഞ്ചാബ് പോലീസ് തീവ്രവാദ വിരുദ്ധ വകുപ്പ് (സിടിഡി), ട്രാഫിക് പോലീസ്, സ്പെഷ്യൽ ബ്രാഞ്ച്, പഞ്ചാബ് ഹൈവേ പട്രോൾ (പിഎച്ച്പി) എന്നിവയ്ക്ക് പഞ്ചാബ് പോലീസ് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ യുഎൻ ഏജൻസികളുടെ ഓഫീസുകൾ, വിദേശ എൻജിഒകൾ, മിഷനറി സ്കൂളുകൾ ക്രൈസ്തവ ദേവാലയങ്ങളോടൊപ്പം ക്രിസ്തുമസ് ആഘോഷം നടക്കുന്ന സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയ്ക്ക് മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ക്രൈസ്തവ ദേവാലയങ്ങളുടെ സുരക്ഷയ്ക്കായി വിന്യസിച്ചിരിക്കുന്ന പോലീസുകാരെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ വിന്യസിച്ച് വിവരമറിയിക്കണമെന്ന് സിറ്റി പോലീസ് ഓഫീസർ സയ്യിദ് ഖാലിദ് ഹമദാനി പറഞ്ഞു.

പാക്കിസ്ഥാനിൽ ക്രൈസ്തവർക്ക് ഏറെ പ്രാധാന്യമുള്ള വിശേഷ അവസരങ്ങളിൽ ഇസ്ലാമിക തീവ്രവാദികൾ ആക്രമണം നടത്തുന്നത് പതിവ് സംഭവമാണ്. ഈ പശ്ചാത്തലത്തിൽ കൂടിയാണ് കനത്ത സുരക്ഷാവിന്യാസമെന്ന് നിരീക്ഷിക്കപ്പെടുന്നു.



# യുഎഇയിൽ ഐസിപിഎഫ് വാർഷിക ക്യാമ്പ്

ഷാർജ: യുഎഇയിലെ ഇന്റർ കൊളിജിയറ്റ് പ്രയർ ഫെലോഷിപ്പിന്റെ വാർഷിക ക്യാമ്പ് ഡിസം. 21 വ്യാഴം മുതൽ 23 ശനി വരെ ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. ഇവാ. സിബി മാത്യു ബ്രാംഗ്ലൂർ ) ഇവാ. അജി മാർക്കോസ് (കേരള) എന്നിവരാണ് ക്ലാസുകൾ നയിക്കുന്നത്. ഒയ്കോസ് ജീസസ് ഈസ് ഔർ നാചറൽ ഹാബിറ്റാറ്റ് എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. രാവിലെ 8 മുതൽ വൈകിട്ട് 5 വരെ നടക്കുന്ന യൂത്ത് എറൈസ് ക്യാമ്പിൽ 4 വയസു മുതൽ 13 വയസു വരെയുള്ള കുട്ടികൾക്കും 13 വയസിനു മുകളിലുള്ള കൗമാരക്കാർക്കുമായി രണ്ടു വിഭാഗങ്ങളുണ്ടാകും. യു എ ഇയിലെ എല്ലാ എമിറേറ്റുകളിലേക്കും വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ രൂപാന്തരത്തിന് വഴി തെളിക്കുന്ന ഈ ക്യാമ്പിൽ ആയിരത്തിലേറെ അംഗങ്ങൾ പങ്കെടുക്കുമെന്നും ക്രമീകരണങ്ങൾ പൂർത്തികരണത്തിലേക്ക് നീങ്ങുകയാണെന്നും ക്യാമ്പ് കോർഡിനേറ്റർമാരായ

സന്തോഷ് ഈപ്പൻ , ഗോഡ് വിൻ ഫ്രാൻസിസ്, എന്നിവർ ക്രിസ്ത്യൻ ലൈവിനോട് പറഞ്ഞു. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും വിളിക്കുക: 050 657 6490, 050 8048654

# വിയറ്റ്നാം സന്ദർശിക്കാൻ ഫ്രാൻസിസ് മാർപാപ്പയെ ക്ഷണിച്ച് പ്രസിഡന്റ് വോ വാൻ




വിയറ്റ്നാം സന്ദർശിക്കാൻ ഫ്രാൻസിസ് മാർപാപ്പയെ ക്ഷണിച്ച് പ്രസിഡന്റ് വോ വാൻ തുവോങ്. രാഷ്ട്രീയ നേതാവ് കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിലെ സഭാ നേതാക്കളെ കാണുകയും ചെയ്തതിനു പിന്നാലെയാണ് പ്രസ്ഥാവന നടന്ന്. രാജ്യത്തെ സാമൂഹികസാമ്പത്തിക സംഭവവികാസങ്ങളും മതപരമായ ജീവിതവും ഒപ്പം വിശ്വാസികളെ കാണുവാനും ഫ്രാൻസിസ് മാർപാപ്പയെ ക്ഷണിച്ചുകൊണ്ട്' പ്രസിഡന്റ് തുവോങ് കത്തിൽ ഒപ്പുവച്ചതായി മതകാര്യങ്ങൾക്കായുള്ള സർക്കാർ കമ്മിറ്റി റിപ്പോർട്ട് ചെയ്തു. ഡിസംബർ 14ന് നടന്ന യോഗത്തിൽ ഹ്യൂ അതിരൂപത ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയ കാര്യം പ്രസിഡന്റ് പറഞ്ഞതായി കമ്മിറ്റി അറിയിച്ചു.

മധ്യ വിയറ്റ്നാമിലെ ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച് ഹ്യൂവിലെ ആർച്ച് ബിഷപ്പ് ജോസഫ് എൻഗുയെൻ ചി ലിൻ, കോഡ്ജൂട്ടർ ആർച്ച് ബിഷപ്പ് ജോസഫ് ഡാങ് ഡക് എൻഗാൻ, വിരമിച്ച ആർച്ച് ബിഷപ്പ് ഫ്രാൻസിസ് സേവ്യർ ലെ വാൻ ഹോങ് എന്നിവരുമായി തുവോങ് കൂടിക്കാഴ്ച നടത്തി.

# ചൈനയിൽ വൻ ഭൂചലനം

ഗൻസു:വടക്കുപടിഞ്ഞാറൻ ചൈനയിലുണ്ടായ ശക്തമായ ഭൂചലനത്തിൽ 116 മരണം. 220 പേർക്ക് പരുക്കേറ്റു. ഇന്നലെ അർദ്ധരാത്രി ഗൻസു പ്രവിശ്യയിലാണ് 6.2 രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. തൊട്ടടുത്ത ചിങ്ഹായ് പ്രവിശ്യയിലും പ്രകമ്പനം ഉണ്ടായി. ഗൻസുവിൽ മാത്രം നൂറിലേറെ പേർ കൊല്ലപ്പെട്ടെന്നാണ് വിവരം. ഏതാനും മണിക്കൂറുകൾക്കുശേഷം ഷിൻജിയാങിൽ 5.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായി. ഗൻസുവിലും ചിങ്ഹായിലും ഒട്ടേറെ കെട്ടിടങ്ങൾ തകർന്നു. നിരവധി പേർ കുടുങ്ങിക്കിടക്കുകയാണ്. അതേസമയം വൈദ്യുതി വാർത്താവിനിമയ സംവിധാനങ്ങൾ തകരാറിലായത് തിരിച്ചടിയാണ്.



# യിസ്രായേൽ–പാലസ്തീൻ സംഘർഷത്തിന് അറുതി വരുത്തണം : ഫ്രാൻസിസ് മാർപാപ്പാ



വത്തിക്കാൻ :യിസ്രായേൽ-പാലസ്തീൻ സംഘർഷത്തിന്റെ ഭാഗമായി ഇരുരാജ്യങ്ങളും നേരിടുന്ന അതിക്രമങ്ങൾക്ക് അറുതിവരുത്താനും, അടിയന്തിരമായി വെടിനിറുത്തൽ പ്രഖ്യാപിക്കാനും ആവശ്യപ്പെട്ട് ഫ്രാൻസിസ് മാർപാപ്പായുടെ ടിറ്റർ സന്ദേശം. തട്ടിക്കൊണ്ടുപോകപ്പെട്ട ആളുകളെ ഉടൻ വിട്ടയക്കണമെന്നും, സമാധാനം പുനഃസ്ഥാപിക്കണമെന്നും മാർപാപ്പാ ആവിശ്യപെട്ടു.


GILGAL
CHURCH OF GOD
SHARJAH, UAE
SPIRITUAL
EMPOWERING
SESSION &
CONVENTION
28 2023 DEC
THURSDAY
10:30 AM & 7:30 PM
SHARJAH
WORSHIP CENTER
10:30 AM
SPIRITUAL EMPOWERING SESSION
07:30 PM
CONVENTION
INAUGURATION
Rev. Dr. K. O. MATHEW
National Overseer
Chief Guest
Rev. Dr. M. A. VARGHESE
Senior Pastor, BAGC Banglore

CNL7 MEDIA
Vol. 2 Issue 317
# CHRISTIANLIVE DAILY
19 Tuesday
Pages 6
689

Your health, right away.
BROSCO PHARMACY

## BROSCO PHARMACY

നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടെന്നേ ഒരു വിളിപ്പാടകലെ..!!

SPECIAL DISCOUNT

| | |
|---|---|
| Medicines (13% - 40%) | Baby Food (4% - 6%) |
| Adult Diaper (53%) | Ortho Supports (15% - 20%) |
| Underpads (64%) | Baby Care (8% - 10%) |
| Pullups (48%) | Insulin (18% - 45%) |







നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം

HOME CARE PRODUCTS AVAILABLE
- Feminine Hygiene Items
- Oxygen Concentrator
- Nutrition Supplements
- Orthopaedic Items
- Cosmetic Items
- Baby Food
- Baby Care Items
- Veterinary Medicine
- Ayurveda Medicines
- Wheel Chairs & Walkers

FREE HOME DELIVERY
Within 5km Radius
ORDER NOW




CAL US : +91-6238062257

PATHANAMTHITTA
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926

VADASSERIKKARA
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011

KUMBANAD
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613

RANNI
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255